ഭരണഭാഷ—മാതൃഭാഷ

# വനിതാ ശിശു വികസന വകുപ്പ്

## ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, കാസറഗോഡ്

രണ്ടാം നില, ഡി ബ്ലോക്ക്, സിവിൽ സ്റ്റേഷൻ, വിദ്യാ നഗർ, കാസറഗോഡ് -671123,
ഫോൺ നമ്പർ : 04994 256990, **Email ID: dcpuksd@gmail.com**

---

## വിജ്ഞാപനം

പോക്സോ നിയമത്തിന്റെ പരിധിയിൽ വരുന്ന കുട്ടികൾക്ക് വൈകാരികവും മാനസികവുമായ പിന്തുണ നൽകുന്നതിനും പ്രസ്തുത കേസുമായി ബന്ധപ്പെട്ടു നിയമപരമായ പ്രക്രിയയിൽ ഇവരെ സഹായിക്കുവാനും കേസിൽ ഇരകളാക്കപ്പെട്ട കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി പോക്സോ സപ്പോർട്ട് പേഴ്സൺമാരുടെ സേവനം നൽകുവാൻ **NCPCR** -പോക്സോ ആക്ട് സെക്ഷൻ 39 മോഡൽ ഗൈഡ് ലൈൻ പ്രകാരം നിഷ്കർഷിക്കുന്നുണ്ട്. കാസറഗോഡ് ജില്ലയിലേക്ക് സപ്പോർട്ട് പേഴ്സൺമാരുടെ പാനൽ രൂപീകരിക്കുന്നലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിജ്ഞാപന തീയ്യതി **05/06/2026** വൈകുന്നേരം **5 PM** വരെ ദീർഘിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

### നിബന്ധനകൾ (Terms of Reference)

കുട്ടികളെ ലൈംഗിക കുറ്റങ്ങളിൽ നിന്ന് സംരക്ഷിക്കുന്ന നിയമം, 2012 (**POCSO Act**), കുട്ടികളെ ലൈംഗിക കുറ്റങ്ങളിൽ നിന്ന് സംരക്ഷിക്കുന്ന ചട്ടങ്ങൾ, 2020 (**POCSO Rules 2020**), കൂടാതെ വകുപ്പ് 39 പ്രകാരമുള്ള സപ്പോർട്ട് പേഴ്സൺമാരെ സംബന്ധിച്ച **NCPCR** മാതൃകാ മാർഗ്ഗനിർദേശങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ, കേന്ദ്ര പദ്ധതിയായ "മിഷൻ വാത്സല്യ" യുടെ ഭാഗമായി സപ്പോർട്ട് പേഴ്സൺമാരുടെ നിയമനത്തിനായി വിജ്ഞാപനം പുനഃപ്രസിദ്ധീകരിക്കുന്നു.

മുകളിൽ പരാമർശിച്ച വ്യവസ്ഥകൾ പ്രകാരം, ഇന്റർവ്യൂ കമ്മിറ്റിയിലൂടെ സപ്പോർട്ട് പേഴ്സൺമാരെ തിരഞ്ഞെടുക്കുകയും/ലിസ്റ്റ് ചെയ്യുകയും ചെയ്യും.

സപ്പോർട്ട് പേഴ്സൺമാരുടെ നിയമനത്തിനായുള്ള യോഗ്യതാ മാനദണ്ഡങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

| ക്രമ നം (SI No) | പദവി (Designation) | പ്രതിഫലം (Remuneration) (*) | യോഗ്യതാ മാനദണ്ഡങ്ങൾ (Eligibility Criteria) | നിയമന/പാനൽ കാലാവധി (Term of Engagement/Empanelment) |
|---|---|---|---|---|
| 1. | സപ്പോർട്ട് പേഴ്സൺ | **POCSO** നിയമത്തിലെ വകുപ്പ് 39 പ്രകാരമുള്ള സപ്പോർട്ട് പേഴ്സൺമാരെ സംബന്ധിച്ച **NCPCR** മാതൃകാ | • സോഷ്യൽ വർക്ക് / സോഷിയോളജി / മനശ്ശാസ്ത്രം (**Psychology**) / ശിശു വികസനം (**Child Development**) എന്നീ വിഷയങ്ങളിൽ പോസ്റ്റ് | തിരഞ്ഞെടുത്ത സപ്പോർട്ട് പേഴ്സൺമാരെ മൂന്ന് വർഷത്തെ കാലയളവിലേക്ക് നിയമിക്കും. ബന്ധപ്പെട്ട **DCPO** വർഷംതോറും അവലോകനം നടത്തുകയും, |

| | | | | |
|---|---|---|---|---|
| | | മാർഗ്ഗനിർദേശങ്ങൾ അനുസരിച്ചായിരിക്കും മാസാന്ത്യ ഹോണറേറിയം നൽകുന്നത്. | ഗ്രാജുവേറ്റ് ബിരുദമുള്ള ഏതെങ്കിലും വ്യക്തി അല്ലെങ്കിൽ കുട്ടികളുടെ വിദ്യാഭ്യാസവും വികസനവും അല്ലെങ്കിൽ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവൃത്തി പരിചയമുള്ള ഗ്രാജുവേറ്റ്.<br>• ശിശു അവകാശങ്ങൾ (**child rights**) അല്ലെങ്കിൽ ശിശു സംരക്ഷണ മേഖലയിൽ സജീവമായി പ്രവർത്തിക്കുന്ന വ്യക്തികൾ അല്ലെങ്കിൽ സംഘടനകൾ; ഇതിൽ മെഡിക്കൽ, നിയമ, സാമൂഹിക പ്രവർത്തന പശ്ചാത്തലമുള്ള പ്രൊഫഷണലുകൾ ഉൾപ്പെടുന്നു.<br>• കുട്ടികളുടെ സംരക്ഷണ ഉത്തരവാദിത്വമുള്ള ചിൽഡ്രൻസ് ഹോം / ഷെൽട്ടർ ഹോം എന്നിവയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും സപ്പോർട്ട് പേഴ്സൺ ആയി അപേക്ഷിക്കാം. | ആ അവലോകനത്തിന്റെ അടിസ്ഥാനത്തിൽ 3 വർഷത്തിനു ശേഷം കാലാവധി നീട്ടുകയും ചെയ്യും.<br>ഇത്തരത്തിൽ നൽകിയ ശുപാർശ ജില്ലാ സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച ശേഷമേ പ്രാബല്യത്തിൽ വരികയുള്ളു |

ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് ★ കാസർഗോഡ് - 671123 ★

* സർക്കാർ തീരുമാനത്തിന് വിധേയമായിട്ടായിരിയ്ക്കും അന്തിമ തുക നിശ്ചയിയ്ക്കുക.

**അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

- അപേക്ഷകർ ഇതോടൊപ്പം ചേർത്തിട്ടുള്ള നിശ്ചിത ഫോറത്തിൽ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- അപേക്ഷയോടൊപ്പം വയസ്സ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉണ്ടായിരിക്കേണ്ടതാണ്.
- നിശ്ചിത ഫോറത്തിലല്ലാത്തതോ, അപൂർണമായതോ, രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടില്ലാത്തതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

- അപേക്ഷയുടെ കവറിന് പുറത്ത് അപേക്ഷിക്കുന്ന തസ്തികയുടെ പേര്, വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
- ഷോർട് ലിസ്റ്റ് ചെയ്യുന്ന ഉദ്യോഗാർത്ഥികൾ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
- അപേക്ഷകൾ ഈ കാര്യാലയത്തിൽ നേരിട്ടോ റെജിസ്റ്റേർഡായോ സ്പീഡ് പോസ്റ്റ് ആയോ മാത്രം സമർപ്പിക്കേണ്ടതാണ്.
- അഭിമുഖവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ ഇ-മെയിൽ മുഖാന്തിരമായിരിയ്ക്കും. ആയതിനാൽ ഇ-മെയിൽ ഐ.ഡി. കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

<u>നിയമനപ്രക്രിയ</u>

- സമർപ്പിക്കപ്പെട്ട അപേക്ഷയും പ്രവർത്തിപരിചയവും വിശദമായി പരിശോധിച്ച് സ്ക്രീനിംഗ് നടത്തി യോഗ്യമായ അപേക്ഷകൾ മാത്രം തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അധികാരം സെലക്ഷൻ കമ്മിറ്റിക്ക് ഉണ്ടായിരിക്കും.
- ജില്ലാ തലത്തിൽ സപ്പോർട്ട് പേഴ്സൺമാരുടെ ലിസ്റ്റ് തയാറാക്കുന്നതിനായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.
- നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു സാഹചര്യത്തിലും പരിഗണിക്കുന്നതല്ല.
- യാതൊരു കാരണവും കൂടാതെ വിജ്ഞാപനം റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സെലക്ഷൻ കമ്മിറ്റിയിൽ നിക്ഷിപ്തമായിരിയ്ക്കും.

മേൽ സൂചിപ്പിച്ച ഒഴിവുകളിലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും നിശ്ചിത ഫോറത്തിലുള്ള അപേക്ഷയിൽ ഫോട്ടോ പതിപ്പിച്ച്, യോഗ്യത, പ്രവർത്തിപരിചയം, വയസ്സ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം **05/06/2026 വൈകുന്നേരം 5 മണിക്ക്** മുൻപായി ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, സെക്കൻഡ് ഫ്ലോർ, ഡി ബ്ലോക്ക്, സിവിൽ സ്റ്റേഷൻ, വിദ്യാ നഗർ, കാസറഗോഡ് -671123, ഫോൺ നമ്പർ : 04994 256990 എന്ന വിലാസത്തിൽ അയയ്ക്കുകയോ, നേരിട്ട് സമർപ്പിക്കുകയോ ചെയ്യാവുന്നതാണ്. ഫോറത്തിന്റെ മാതൃക **http://wcd.kerala.gov.in** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ
കാസറഗോഡ്

SHINY ISSAC
PEN NO. : 764275
DISTRICT CHILD PROTECTION OFFICER
KASARAGOD
WOMEN AND CHILD DEVELOPMENT
DEPARTMENT

ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്
കാസർഗോഡ് - 671123

**DEPARTMENT OF WOMEN AND CHILD DEVELOPMENT**
**DISTRICT CHILD PROTECTION UNIT**
**KASARAGOD**

## APPLICATION FOR THE POST OF POCSO SUPPORT PERSON

Passport size photo of the applicant

1. Name of the post :
2. Name of the applicant (Block Letters) :
3. Permanent Address :
4. Communication Address with PIN code :
5. District :
6. Religion, Caste :
7. Mobile Number :
8. Email ID :
9. Age, Date of Birth :
10. Gender :
11. Educational Qualification :

| Qualification | Educational Institution | Year of Passing | Percentage of Marks |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |

12. Work Experience:

13. Work experience in the field of Children:

## DECLARATION

I hereby declare that all the information submitted-by me in the application form is correct, true and valid. I will present the supporting documents as and when required.

Place: Signature :

Date: Name :

Enclosure:

1. Copies of Educational certificates
2. Copy of Work Experience
3. Copy of a valid Identity Proof
4. Copy of other relevant documents if any